(ബി & സി) ഇതു സംബന്ധിച്ച് കാഞ്ഞിരംകുളം സ്റ്റേഷനിൽ ക്രൈം 175/97 യു/സി മാൻ മിസിംഗ് ആയി രജിസ്ട്രർ ചെയ്ത കേസ് തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തി യു.എൻ. റിപ്പോർട്ട് 15-11-1999-ൽ നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി III-ൽ സമർപ്പിച്ചിട്ടുണ്ട്.

പോലീസ് മർദ്ദനം

68 (3258) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനു മുന്നിൽ വച്ച് ശ്രീ. കെ. സി. വേണുഗോപാൽ, എം. എൽ. എ. ഉൾപ്പെടെയുള്ള വരെ പോലീസ് മർദ്ദിച്ചത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ;

(ബി) ആർക്കെല്ലാം എതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസ് അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ; കേസന്വേഷണം പൂർത്തിയായിട്ടുണ്ടോ ; പൂർത്തിയായെങ്കിൽ എന്നാണ് ;

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ആരുടെയൊക്കെ പേരിലാണ് നടപടി സ്വീകരിച്ചത് ;

(എഫ്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ജി) സംസ്ഥാന പോലീസിന്റെ ഏതു വിഭാഗമാണ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(എച്ച്) കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ-എച്ച്) ആലപ്പുഴ സൗത്ത് പോലീസ്സ്റ്റേഷനിൽ ശ്രീ. കെ. സി. വേണുഗോപാൽ എം. എൽ. എ. യെ മർദ്ദിച്ചതായ ആരോപണത്തിൻമേൽ 367/97-ാം നമ്പരായും, പോലീസിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തിയെന്ന ആരോപണത്തിൻമേൽ ക്രൈം 362/97 നമ്പരായും, ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡിന്റെ ഡീലർ കൃഷ്ണറെഡ്ഡ്യുരുടെ പരാതി പ്രകാരം ക്രൈം 361/97-ാം നമ്പരായും 3 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. 3 കേസുകളും യഥാക്രമം 166/97, 165/97, 164/97 ക്രൈം നമ്പരുകളിലായി ക്രൈംബ്രാഞ്ചു വിഭാഗം ഏറ്റെടുത്ത് അന്വേഷണം നടത്തുകയും ചെയ്തിരുന്നു. ശ്രീ. കെ. സി. വേണുഗോപാൽ, എം. എൽ. എ. യെ മർദ്ദിച്ചതായി ആരോപിക്കപ്പെട്ട കേസിൽ ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ. രാജേഷ് ദിവാൻ, സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ. മുരളീധരൻ നായർ തുടങ്ങി കണ്ടാലറിയാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് 11 പോലീസുകാർക്ക് എതിരായിട്ടായിരുന്നു കേസ് രജിസ്റ്റർ ചെയ്തിരുന്നത്. പോലീസിന്റെ പ്രവർത്തനം തടസ്സപ്പെടുത്തി എന്നരോപിച്ചുകൊണ്ടുള്ള കേസിൽ ശ്രീ. കെ. സി. വേണുഗോപാൽ എം.എൽ.എ. മുൻസിപ്പൽ ചെയർമാൻ ഷുക്കൂർ, സുനിൽ തുടങ്ങിയവർക്കെതിരെയായിരുന്നു കേസ് രജിസ്റ്റർ ചെയ്തിരുന്നത്. കൃഷ്ണൻ റെഡ്ഡ്യാരുടെ പരാതി പ്രകാരമുള്ള കേസിൽ കോര, മോഹൻലാൽ തുടങ്ങിയവർക്കെതിരെയായിട്ടാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്. 3 കേസുകളും കൊല്ലം ക്രൈംബ്രാഞ്ച് എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ആവശ്യമായ നിയമോപദേശം ലഭിച്ചശേഷം 3 കേസുകളും 'മിസറ്റേക് ഓഫ് ഫാക്ട്' ആയി റഫർ ചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിലെ ബാലകൃഷ്ണനെ മർദ്ദിച്ച സംഭവം

69 (3259) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ബാലകൃഷ്ണൻ എന്ന പോലീസുകാരനെ മർദ്ദിച്ച സംഭവത്തിലെ പ്രതിയായ കെ.എസ്.ഇ.ബി. ജീവനക്കാരൻ സുനിലിനെതിരെ നിയമാനുസരണം റിപ്പോർട്ട് നൽകാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) നടപടി ഒന്നും സ്വീകരിച്ചില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) കൽപ്പറ്റ ഡി.വൈ.എസ്.പി. ആയിരുന്ന സോമസുന്ദരത്തിന്റെ നേതൃത്വത്തിൽ കള്ളക്കേസുകൾ എടുത്ത് ബാലകൃഷ്ണനെ ഉപദ്രവിച്ചു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ബാലകൃഷ്ണനെതിരെയുള്ള കേസ്സുകൾ ഹൈക്കോടതി നിർദ്ദേശപ്രകാരം ക്രൈം ബ്രാഞ്ച് അന്വേഷിച്ചശേഷം അന്വേഷണ ഉദ്യോഗസ്ഥൻ പെൻഷൻ പറ്റി 9 മാസത്തോളമായിട്ടും കോടതിക്ക് റിപ്പോർട്ട് കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഇ) കൽപ്പറ്റ ഡി.വൈ.എസ്.പി. ആയിരുന്ന സോമസുന്ദരം ക്രൈംബ്രാഞ്ച് എസ്.പി. ആയതിനാലുള്ള രഹസ്യ ഇടപെടൽ മൂലമാണ് കേസ്സിനു മറ്റു കാരണം പറഞ്ഞ് റിപ്പോർട്ട് കൊടുക്കാത്തതെന്ന് പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(എഫ്) മേൽപ്പറഞ്ഞ ഡി. വൈ. എസ്. പിയെ പ്രോസിക്യൂട്ട് ചെയ്യാൻ അനുവാദം ആവശ്യപ്പെട്ട് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ജി) എങ്കിൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന് പ്രസിഡന്റിന്റെ മെഡലിന് സർക്കാർ ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly